9-ാം വർഷം
2026
നവംബർ 15, 2026
പള്ളിക്കുദാശ മൂന്നാം ഞായർ



Laity Reflect on
Syro-Malabar Sunday Mass SCRIPTURE READINGS



നിക്ഷേപകരുടെ സുവിശേഷം

ഉത്പ 29:15-30, 2 തെസ 3:6-15, മത്താ 25:14-30

എലോൺ മസ്ക്, വാറൻ ബഫറ്റ്, അംബാനി, അദാനി പോലുള്ളവർക്കാണ് ഈ സുവിശേഷം ചേരുക എന്ന് തോന്നുന്ന വിധത്തിൽ ആണ് മത്തായി സുവിശേഷകൻ താലന്തുകളുടെ ഉപമ അവതരിപ്പിച്ചിരിക്കുന്നത് - എന്നിട്ടു ഇതിന്റെ തുടർച്ചയായി എഴുതിയിരിക്കുന്നതാകട്ടെ അന്ത്യ വിധിയെക്കുറിച്ചും!

എവിടെയോ ചില ചോദ്യങ്ങൾ എല്ലാവരുടെയും മനസ്സിൽ ഉയർത്തുന്ന ഒരു ഉപമ - താലന്തുകളുടെ ഉപമ. വായിച്ചു തീരുമ്പോൾ ഒറ്റ താലന്ത് ലഭിച്ചവനോട് എന്തെന്നില്ലാത്ത ഒരു കരുണ നമ്മൾക്ക് തോന്നുമെങ്കിലും ക്രിസ്തുവിനു ആ കരുണ തോന്നുന്നില്ല എന്നിടത്താണ് ഈ ഉപമയുടെ പ്രസക്തി വെളിവാകുന്നത്. സത്യത്തിൽ ഇന്നാണ് ക്രിസ്തു ഈ ഉപമ പറഞ്ഞെതെങ്കിൽ തീർച്ചയായും ഒരു അവൈലബിൾ പോളിറ്റ്ബ്യുറോ കൂടി ക്രിസ്തുവിനെതിരെ ഒരു നടപടി ശുപാർശ - ഇന്നത്തെ കമ്മ്യൂണിസ്റ്റ് നേതാക്കൾ നടത്തിയേനെ! വലതു പക്ഷ വ്യതിയാനം വ്യക്തമായി വെളിവാകുന്ന ഒരു ഉപമ എന്ന് ചില മലയാളികൾക്കു എങ്കിലും തോന്നുന്ന ഒരു ഉപമയാണ് താലന്തുകളുടെ ഉപമ.

ഒന്നിൽ നിന്ന് ഒന്നിലേക്കുള്ള ദൂരം

മനുഷ്യനിൽ നിന്ന് ദൈവ കൃപയിലേക്കുള്ള ദൂരത്തിന്റെ അളവാണ് താലന്തുകൾ. ക്രിസ്തുവിനോളം വലിയ ഒരു താലന്ത് ഒരു മനുഷ്യനും ലഭിക്കാനിടയില്ല. അതിനാൽത്തന്നെ ക്രിസ്തുവിനെ അറിഞ്ഞ ഒരുവനും ജീവിത്തത്തിൽ ഇരട്ടിപ്പിന്റെ സുവിശേഷം അറിയാതിരിക്കുന്നുമില്ല. ഒരു താലന്ത് ലഭിച്ചവൻ പരാജിതനായത് അത് കുറവായതുകൊണ്ടല്ല; അതിനെ ഉപയോഗിക്കാതിരുന്നതുകൊണ്ടാണ്.



സന്തോഷ് സെബാസ്റ്റ്യൻ മറ്റത്തിൽ

‘നമുക്കെല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയണമെന്നില്ല; എന്നാൽ വലിയ സ്നേഹത്തോടെ ചെറിയ കാര്യങ്ങൾ ചെയ്യാൻ കഴിയും’
-മദർതെരേസ.

ഒന്നുമില്ലായ്മയിൽ ക്രിസ്തുസ്നേഹത്തിന്റെ ഇരട്ടിപ്പിന്റെ മധുരം അറിഞ്ഞവരാണ് ക്രിസ്തു ശിഷ്യർ, പക്ഷെ അവരാരും തനിക്കു ലഭിച്ച ഒന്ന് ഒന്നിലേക്ക് ഒതുക്കിവെച്ചവർ അല്ല. ഒരു താലന്തിൽ നിന്ന് അതിലേക്കു തന്നെ മടങ്ങുന്ന ആരും ക്രിസ്തുവിനു അനുയോജ്യരും അല്ല. നമ്മൾക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന മേഖലകൾ ആകുന്ന താലന്ത് ഒരു പക്ഷെ അഞ്ചാവാം, രണ്ടാവാം, ഒന്നാവാം. പക്ഷെ ലഭിച്ചവയിൽ നിന്ന് വളരുന്ന - വളർന്നു പന്തലിക്കുന്ന പ്രക്രിയയുടെ പേരാണ് സമൃദ്ധി, ആ സമൃദ്ധിയിലേക്കാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്.

ഇന്ന് ലോകം വിജയികളെ സൃഷ്ടിക്കുന്നത് അവരുടെ സമ്പത്തിന്റെ വലുപ്പം നോക്കിയാണ്. എന്നാൽ ക്രിസ്തു - മനുഷ്യരെ വിലയിരുത്തുന്നത് അവരുടെ ഹൃദയത്തിന്റെ വലുപ്പം നോക്കിയാണ്. അഞ്ചു താലന്ത് പത്താക്കിയവന് ലഭിച്ച അഭിനന്ദനം, ഒരു കോടി പത്തു കോടിയാക്കിയ ഒരു വ്യവസായിക്ക് ലഭിക്കുന്ന അംഗീകാരത്തിന് തുല്യമാണെന്ന് കരുതുന്നത് ഉപമയുടെ അന്തസത്തയെ തെറ്റായി വ്യാഖ്യാനിക്കുന്നതാവും.

ദൈവം നൽകിയ താലന്ത് ഇരട്ടിപ്പിക്കുക എന്നത് മറ്റൊരാളുടെ വിഹിതം കൂടി സ്വന്തമാക്കുക എന്നതല്ല, മറിച്ച് മറ്റൊരാളുടെ ജീവിതത്തിൽ ദൈവത്തിന്റെ സ്നേഹം ഇരട്ടിപ്പിക്കുക എന്നതാണ്.

സ്വർഗ്ഗം മോഷ്ടിച്ചവന്റെ നിക്ഷേപം

ജീവിതത്തിൽ ഒന്നും സമ്പാദിച്ചിട്ടില്ലാത്ത ഒരുവൻ, മരണത്തിന്റെ വക്കിൽ വെച്ച് സ്വർഗ്ഗരാജ്യത്തിൽ ഒരു ഇടം ചോദിക്കുന്നു. അവന്റെ കൈയിൽ കൊടുക്കാൻ സമ്പത്തില്ല. തിരികെ നൽകാൻ സമയമില്ല. ചെയ്തുപോയ തെറ്റുകൾ തിരുത്താൻ അവസരവുമില്ല. അഞ്ചു താലന്ത് ഇരട്ടിപ്പിക്കാനുള്ള സാഹചര്യം പോയിട്ട് ഒരു താലന്ത് പോലും അവന്റെ കൈയിലില്ല.

എന്നിട്ടും ക്രിസ്തു അവനോട് പറയുന്നു: ‘ഇന്ന് നീ എന്നോടുകൂടെ പറുദീസയിലായിരിക്കും.’

മത്തായി 25-ൽ ഒരു താലന്ത് കുഴിച്ചിട്ട വൻ ശിക്ഷിക്കപ്പെടുന്നു. എന്നാൽ ലൂക്കാ 23-ൽ ജീവിതം മുഴുവൻ തെറ്റായി ജീവിച്ച ഒരു കള്ളൻ, ‘ഒരു താലന്തും ആരിൽനിന്നും ലഭിക്കാത്തവൻ’ അവസാന നിമിഷത്തിൽ ക്രിസ്തുവിൽ ആശ്രയിച്ച് പറുദീസ എന്ന ബമ്പർ സ്വന്തമാക്കുന്നു. അപ്പോൾ എന്താണ് പ്രധാനം? നിക്ഷേപം ഇരട്ടിപ്പിച്ചതോ, അതോ നിക്ഷേപത്തിന്റെ യഥാർത്ഥ ഉടമയെ തിരിച്ചറിഞ്ഞതോ?

നല്ല കള്ളൻ സ്വർഗ്ഗം മോഷ്ടിച്ചവനാണെന്ന് നമുക്ക് തമാശയായി പറയാം. പക്ഷേ യഥാർത്ഥത്തിൽ അവൻ സ്വർഗ്ഗം മോഷ്ടിച്ചതല്ല, കൃപയുടെ സമ്മാനം സ്വീകരിക്കുകയായിരുന്നു. അവന്റെ രക്ഷ അവന്റെ നിക്ഷേപത്തിന്റെ ഫലമല്ല, ക്രിസ്തുവിന്റെ കരുണയുടെ ഫലമാണ്.

താലന്ത് കുഴിച്ചുമൂടുന്ന ഇന്നത്തെ ക്രിസ്ത്യാനി

ഒരുപക്ഷേ താലന്തുകളുടെ ഉപമ വായിക്കുമ്പോൾ നമുക്ക് തോന്നുന്ന ഏറ്റവും വലിയ തെറ്റിദ്ധാരണ ഇതായിരിക്കാം: ക്രിസ്തു വിജയികളെ മാത്രമാണോ തേടുന്നത്. എന്നാൽ അല്ല, ക്രിസ്തു വിശ്വസ്തരെയാണ് അന്വേഷിക്കുന്നത്. ലോകത്തിന്റെ കണക്കിൽ വിജയിക്കാത്ത ഒരാൾ ദൈവത്തിന്റെ മുമ്പിൽ വിശ്വസ്തനായിരിക്കാം. ലോകത്തിന്റെ കണക്കിൽ കോടികൾ സമ്പാദിച്ച ഒരാൾ ദൈവത്തിന്റെ മുമ്പിൽ ഒന്നുമില്ലാത്തവനുമായിരിക്കാം.

-നമുക്ക് വിശ്വാസമുണ്ട്, പക്ഷേ അത് ജീവിതത്തിൽ പ്രകടമാക്കാൻ മടിക്കുന്നു.

-നമുക്ക് സമ്പത്തുണ്ട്, പക്ഷേ മറ്റുള്ളവരുടെ വേദന കാണാൻ കണ്ണില്ല.

-നമുക്ക് അധികാരമുണ്ട്, പക്ഷേ നീതിക്കുവേണ്ടി അത് ഉപയോഗിക്കുന്നില്ല.

-നമുക്ക് അറിവുണ്ട്, പക്ഷേ അജ്ഞതയിലും അനീതിയിലും ജീവിക്കുന്നവരെ സഹായിക്കുന്നില്ല.

-നമുക്ക് ദൈവാലയങ്ങളുണ്ട്, പക്ഷേ ദൈവത്തിന്റെ സ്നേഹം അനുഭവിക്കാൻ കാത്തുനിൽക്കുന്ന മനുഷ്യർക്ക് നമ്മുടെ ആലയങ്ങളിൽ ഇടമില്ല.

അതുകൊണ്ടുതന്നെ താലന്തുകളുടെ ഉപമയ്ക്ക് പിന്നാലെ വരുന്ന അന്ത്യവിധിയുടെ ഭാഗം വളരെ പ്രധാനപ്പെട്ടതാണ്. താലന്തുകളുടെ ഉപമയിൽ വിശ്വസ്തതയുടെ കണക്കെടുപ്പാണ്. അന്ത്യവിധിയിൽ സ്നേഹത്തിന്റെ പ്രവൃത്തികളുടെ കണക്കെടുപ്പാണ്. അവസാനം ക്രിസ്തു നമ്മോട് ചോദിക്കാൻ പോകുന്നത് നമ്മുടെ ബാങ്ക് ബാലൻസ് എത്രയായിരുന്നു എന്നല്ല; നമ്മുടെ ജീവിതം കൊണ്ട് എത്രപേർക്ക് ആശ്വാസം ലഭിച്ചു എന്നതാണ്.

യുദ്ധങ്ങൾ മൂലം യാതന അനുഭവിക്കുന്ന സർവ്വലോക മനുഷ്യരോടും, യുദ്ധത്തിന് മൂലകാരണക്കാരനായ ലോക നേതാവ് - ഞാൻ സമാധാനത്തിന്റെ വെള്ളരി പ്രാവാണെന്നു - വിളിച്ചോതുന്നിടത്താണ് നമ്മൾ ക്രിസ്തുവാകുന്ന താലന്തിനെ ആരുടെയൊക്കെയോ ചേതനയറ്റ ശരീരത്തിന് താഴെ മറവു ചെയ്യുന്നത്.

അവസാനമായി:

ജീവിതത്തിൽ തുടങ്ങിയിടത്തു തന്നെ വിറങ്ങലിച്ചു നിൽക്കുന്നവരെ കാണുവാൻ നിങ്ങൾക്ക് കാഴ്ചയുണ്ടെങ്കിൽ, അവരുടെ ജീവിതങ്ങളിൽ ക്രിസ്തു സ്നേഹത്തിന്റെ കനലുകൾ ഊതി കത്തിക്കുവാൻ നിങ്ങൾക്ക് സാധിക്കുന്നുവെങ്കിൽ നിങ്ങൾ ജീവിക്കുന്ന സുവിശേഷത്തിന്റെ പേരാണ് ‘നിക്ഷേപകരുടെ സുവിശേഷം‘

(ഗൾഫിൽ ഉദ്യോഗസ്ഥനും എഴുത്തുകാരനുമാണു ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com